കാഴ്ചപ്പാട്

●

പ്രഫ. കെ. അഹ്മദ്കുട്ടി ശിവപുരം

# കമ്യൂണിസം ഇസ്‌ലാമാകുമ്പോൾ!

***പ്രബോധനം* 66/23-ൽ വന്ന 'കമ്യൂണിസം-ഇസ്‌ലാം സംവാദത്തിന്റെ പ്രസക്തി' എന്ന മുഖക്കുറിപ്പിന് പ്രതികരണമായി കൗതുകകരവും ചിന്താബന്ധുരവുമായ ചില അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയാണ് ലേഖകൻ**

**'കമ്യൂണിസം-ഇസ്‌ലാം** സംവാദത്തിന്റെ പ്രസക്തി' എന്ന മുഖക്കുറിപ്പ് ആവർത്തിച്ച് വായിച്ചപ്പോൾ ഏതാണ്ട് ഇരുപതോളം വർഷങ്ങൾക്ക് മുമ്പ് ഞാൻ *പ്രബോധന*ത്തിൽ എഴുതിയ ലേഖനത്തിന് പ്രതികരണമായി വന്ന ഒരു ലേഖനത്തിൽ 'കമ്യൂണിസത്തിന്റെ പടിവാതിൽക്കൽ വന്ന് അന്തംവിട്ട് വാ പൊളിച്ചു നിൽക്കുന്നവൻ' എന്നോ മറ്റോ അത് വിലയിരുത്തപ്പെട്ടത് ഓർത്തുപോയി. എന്നാൽ, എന്റെ ചിന്ത ആ നിലക്കുതന്നെ ഏറെ മുന്നോട്ടുപോവുകയായിരുന്നു. ഫലപ്രദം എന്ന് സ്വയം സമാധാനിക്കാൻ ചില രചനകളും നടത്താനായി. ഇന്നിപ്പോൾ കേരളത്തിലെ ഏറ്റവും ശ്രദ്ധേയമായ ഇസ്‌ലാമിക ജിഹ്വയിലെ മുഖക്കുറിപ്പിൽനിന്ന് ഇത്രകൂടി വായിക്കാൻ സാധിച്ചപ്പോൾ ആത്മവിശ്വാസം വർധിച്ചു: "ആസുരമായ ആധുനിക മുതലാളിത്ത സാമ്രാജ്യത്വത്തിനെതിരിലുള്ള രണ്ട് പ്രത്യയശാസ്ത്രങ്ങളാണ് ഇസ്‌ലാമും കമ്യൂണിസവും. രണ്ടിന്റെയും ലക്ഷ്യങ്ങൾക്കിടയിൽ പൊതുവായ ഘടകങ്ങൾ പലതുമുണ്ട്. ഈ സമാനതകൾ പരിഗണിച്ചുകൊണ്ട് സഹകരണത്തിന്റെ മേഖലകൾ കണ്ടെത്തുകയാണ് സാമ്രാജ്യത്വത്തെ പ്രതിരോധിക്കാനുള്ള പ്രായോഗിക മാർഗം."

ഇതിന് അനുബന്ധമായി ചില പോയിന്റുകൾ കൂടി ശ്രദ്ധിക്കപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

റഷ്യൻ വിപ്ലവത്തിന് ആശംസകൾ നേർന്ന് അല്ലാമാ ഇഖ്ബാൽ എഴുതിയത് ഓർമയിൽ വരുന്നു: 'Now You have reached 'No', then you have to proceed to 'But' (Javid Nama). ഇപ്പോൾ നിങ്ങൾ 'No' അഥവാ 'ലാ' വരെ എത്തിക്കഴിഞ്ഞു ('ലാ ഇലാഹ' എന്നതിലെ 'ലാ'). ഇനിയും 'But' (إلا) എന്നതിലേക്കു നിങ്ങൾ മുന്നേറേണ്ടിയിരിക്കുന്നു (ഇല്ലല്ലാഹ് എന്നതിലെ 'ഇല്ല').

അടിമത്ത നിരാസത്തിന്റെയും തന്മൂലം സിദ്ധമാകുന്ന വിമോചനത്തിന്റെയും ശക്തമായ സന്ദേശമുൾക്കൊള്ളുന്നതാണ് തൗഹീദിന്റെ വാക്യമായ 'ലാ

**ഉമ്മത്ത് എന്നത് ജനത (അന്നാസ്) എന്നതുമായി അഭേദ്യമാം വിധം ബന്ധപ്പെടുത്തി പരിചയപ്പെടുത്തപ്പെട്ട ചരിത്രത്തിലെ രണ്ടു വചന വാഹകരാണ് പ്രവാചക കുലപതി ഇബ്‌റാഹീമും അദ്ദേഹത്തിന്റെ സന്തതിപരമ്പരയിൽ അന്ത്യപ്രവാചകനായി വന്ന മുഹമ്മദും(സ). ഇരുവരും ചരിത്രപരമായ ആവശ്യ നിർവ ഹണത്തിനെന്നോണം സ്ഥാപിക്കാൻ യജ്ഞിച്ച മാതൃകാ സമ ഷ്ടിയാണ്– സാമൂഹിക രൂപമാണ്– ഉമ്മത്ത് എന്നത്. 'കമ്യൂൺ' എന്ന് കൃത്യമായും മൊഴിമാറ്റാവുന്ന ആശയ സമഗ്രത ഉൾക്കൊണ്ട പദപ്രയോഗമാണത്.**

ഇലാഹ ഇല്ലല്ലാഹ്.' അതിലെ ആദ്യ ഭാഗത്തെക്കുറിച്ചാണ് ഇഖ്ബാൽ 'No' (ലാ) എന്നു പറഞ്ഞത്. ലാ ഇലാഹ –ദൈവമേതുമില്ല– എന്ന നിരാസമാണതുൾക്കൊള്ളുന്നത്. അതൊരു ശുദ്ധീകരണ ഘട്ടമാണ്. ഇബ്‌റാഹീമി(അ)ന്റെ സമീപനത്തിലടങ്ങിയ പ്രഥമ തത്ത്വം. നിരാകരിക്കപ്പെടേണ്ട ദൈവങ്ങൾ ഏതൊക്കെ എന്നതിലേക്ക് പ്രസിദ്ധ ഇംഗ്ലീഷ് എഴുത്തുകാരി കരൺ ആംസ്ട്രോംഗിനെ ഉദ്ധരിക്കാം: "Muslim who makes this 'Shahadah' bears witness in his life and in every single one of his actions that his chief priority is ALLAH and that no other gods- which include political, material, economic and personal ambitions- can take precedence over his commitment to God alone" (The Case for God, page 101).

രാഷ്ട്രീയവും ഭൗതികവും സാമ്പത്തികവും മറ്റുമായ വ്യക്തിതാൽപര്യങ്ങളും മോഹങ്ങളുമൊക്കെയും തന്നെ നിരസിക്കപ്പെടേണ്ട ദൈവങ്ങളായാണ് മുസ്‌ലിം കണക്കാക്കേണ്ടത് എന്നാണ് പറയുന്നത്. ആ നിരാസത്തിന് ശേഷം മനുഷ്യ മനസ്സാക്ഷി എത്തിച്ചേരുന്ന, ഒരിക്കലും നിരസിക്കാനാവാത്ത സത്യം എന്ന നിലക്കാണിവിടെ ദൈവം–അല്ലാഹ്– മനസ്സിലാക്കപ്പെടുന്നത്. മുസ്‌ലിംകളല്ലാത്ത കാര്യവിവരമുള്ള ബുദ്ധിശാലികൾ ഈവിധം ഇസ്‌ലാമിനെ അതിന്റെ ശരിയായ സ്പിരിറ്റിൽ മനസ്സിലാക്കുമ്പോൾ ഒരു അടഞ്ഞ മതമായി ഒതുക്കപ്പെട്ടുപോയ ഇസ്‌ലാമിലെ മതമീമാംസകരിൽ ചിലർ ഇന്നും വാദിക്കുന്നത് 'ഇബാദത്തിന്' ആരാധന എന്നതിൽ ഒതുങ്ങുന്ന അർഥം മാത്രമേ ഉണ്ടാകാവൂ എന്നാണ്. ഏതു വിധത്തിലുള്ള വിധേയത്വത്തെയും അടിമത്തത്തെയും ഉടമസ്ഥതയെയും മേൽക്കോയ്മയെയും അംഗീകരിച്ച്, ഏതു അധികാരശക്തിക്കും സ്വത്വത്തെ സമർപ്പിച്ച് ജീവിക്കാം. എന്നാൽ ഉപാസനയും ആരാധനയും പൂജയുമൊക്കെ സാക്ഷാൽ പടച്ചതമ്പുരാന് മാത്രമായിരിക്കണം. അതാണ് അവൻ മാത്രമാണ് ഇബാദത്ത് അർഹിക്കുന്ന ഇലാഹ് എന്നു പറഞ്ഞതിനർഥം! വിമോചനം എന്ന ആശയത്തെ തിരസ്കരിക്കുന്ന ഒരു മതം മാത്രമായും പുരോഹിതന്റെയും അധികാരികളുടെയും ചൂഷണോപാധിയായും തീർന്നിരിക്കുന്ന ഒരു സ്ഥാപനത്തോട്, ഇതുപോലുള്ള മറ്റു മതങ്ങളോടെന്ന പോലുള്ള സമീപനവും എതിർപ്പും കമ്യൂണിസ്റ്റുകളിൽനിന്ന് മാത്രമല്ല, ഏതു വിധത്തിലുള്ള മാനവിക വാദിയിൽനിന്നും ഉണ്ടാവുക സ്വാഭാവികമാണ്. അതിന് അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഇവിടെ ദൈവം നിഷേധിക്കപ്പെടുന്നെങ്കിൽ ആ നിഷേധം സംബന്ധിക്കുന്നത് ദൈവം ഏതുവിധം പരിചയപ്പെടുത്തപ്പെടുന്നു എന്നതിനെയാണ്; അല്ലാതെ നിഷേധിക്കപ്പെടാനാവാത്ത ഒരു സത്യത്തിന്റെ നിരാസമല്ല നടക്കുന്നത്.

ദൈവമേതുമേയില്ല–ലാ ഇലാഹ– എന്ന നിഷേധം ദൈവങ്ങളാകെയും മനുഷ്യവിമോചനത്തിന് തടസ്സം നിൽക്കുന്ന ചൂഷണോപാധികൾ എന്ന നിലക്ക് കാണാൻ നിർബന്ധിക്കപ്പെടുന്ന മാനുഷിക സാഹചര്യത്തിലെ ഏറ്റവും ശക്തമായ മുദ്രാവാക്യം തന്നെയായിരിക്കും. നിഷേധത്തിലൂടെയുള്ള ആ ശുദ്ധീകരണത്തിന് ശേഷം ഇബ്‌റാഹീം നബിയുടെ മനസ്സിലെന്ന പോലെ തെളിയേണ്ട– 'ആകാശഭൂമികളുടെ രാജത്വം' (മലകൂതസ്സമാവാതി വൽ അർദ്) എന്ന ആശയം പോലെ– കാര്യമാണ് 'ഇല്ലല്ലാഹ്.' അല്ലാഹു ഒഴികെ എന്ന മനുഷ്യ പ്രജ്ഞയറിയുന്ന പൊരുളാണത്. അസ്തിത്വത്തിന്റെയാകെയും സ്രോതസ്സായിരിക്കുന്ന പൊരുൾ മാത്രം എന്ന ജ്ഞാനോദയം. അസ്തിത്വത്തിന്റെ എന്നപോലെ മനുഷ്യ മനസ്സാക്ഷി തേടിക്കൊണ്ടിരിക്കുന്ന പരമമായ നീതിയുടെയും കാരുണ്യത്തിന്റെയും സ്രോതസ്സും അതുതന്നെയായിരിക്കും. ഉടമസ്ഥത എന്നത് അതിലേക്ക് മാത്രം ചേർക്കപ്പെടേണ്ടതും മറ്റൊന്നിനും വകവെച്ചുകൊടുത്തുകൂടാത്തതുമായി ഭവിക്കും. അതുപോലെ അടിമത്തവും സ്വത്വസമർപ്പണവും അർഹിക്കുന്ന ഒരേയൊരു സത്യവും അതു മാത്രമെന്ന് അംഗീകരിക്കപ്പെടും. അപ്പോഴാണ് അടിമയും ഉടമയുമില്ലാത്ത സമന്മാരായ സഹോദരങ്ങളുടെ സുന്ദരമായ ലോകം സാക്ഷാത്കരിക്കപ്പെടുക. ഒരു വർഗരഹിത സമഷ്ടി സംജാതമാകുക.

ആ നിലക്കല്ലാതുള്ളൊരു ചിന്തയുടെയും ആശയത്തിന്റെയും സ്ഥാപനങ്ങളുടെയും പശ്ചാത്തലത്തിലാണ്, –അപ്പോൾ മാത്രമാണ്– 'ഈശ്വരൻ നിരർഥമാപ്പദം' എന്ന് ചില മനുഷ്യസ്നേഹികൾ പാടിപ്പോകുന്നത്. ചങ്ങമ്പുഴ അങ്ങനെ പാടി. എന്നാൽ അതേ കവി തന്നെ ഇങ്ങനെയും പാടുകയുണ്ടായി: "കാലദേശാദിയറ്റുണ്ടെല്ലാറ്റിന്നുമൊരാലംബകേന്ദ്രമാം ശക്തിയേതോ, സത്യമതല്ലാകിലർക്കനൊരിക്കലൊന്നുത്തരദിക്കിലുദിച്ചുകൂടെ?" അദ്ദേഹം നിരസിക്കുന്ന ദൈവങ്ങൾ ഇബ്‌റാഹീം നിഷേധിച്ച ദൈവങ്ങളാണ്. യഹൂദ വംശജനായ കാൾമാർക്സ് തന്നെയും തന്റെ കുഞ്ഞുങ്ങളെ സൺഡേ സ്കൂളിലയക്കാൻ താൽപര്യപ്പെടുകയും മർദിതന്റെ 'ഉപമാന'മായിത്തീർന്ന യേശു എന്ന മനുഷ്യ പുത്രനെ നെഞ്ചിലേറ്റി സ്നേഹിക്കുകയും ചെയ്ത വ്യക്തിയായിരുന്നുവത്രെ. പക്ഷേ, യേശു വിഗ്രഹമാക്കപ്പെടുകയും ആരാധിക്കപ്പെടുന്ന മൂർത്തിയാക്കപ്പെടുകയും ചെയ്തപ്പോൾ അത്തരം ഒരു ദൈവത്തിന്റെ നിരാസം അദ്ദേഹം പ്രഘോഷിച്ചു.

ഇപ്പറഞ്ഞതിനർഥം പക്ഷേ, സാമൂഹിക ശാസ്ത്രവുമായി ബന്ധപ്പെടുത്താൻ ബുദ്ധിപരമായ വ്യായാമം ഏറെ ആവശ്യമായി വരുന്ന വൈരുധ്യാധിഷ്ഠിത ഭൗതികവാദം (Dialectical Materialism) എന്ന മാർക്സിസത്തിന്റെ സിദ്ധാന്തപരമായ അടിത്തറയെയും അംഗീകരിക്കുന്നു എന്നല്ല. ഒരു വിശ്വാസിക്കും അംഗീകരിക്കാവുന്നതല്ല ആ അടിത്തറയിൽനിന്ന് വികസിതമാകുന്ന അടിത്തറ– മേൽക്കൂര സിദ്ധാന്തം. ഭഗവത് ഗീതയിൽ (പതിനഞ്ചാമധ്യായം) പറഞ്ഞ മേലെ വേരുകളുള്ള സംസാരവൃക്ഷത്തിൽ വിശ്വസിക്കുന്നവനാണ് ഏതു ആത്മീയവാദിയും, അതുകൊണ്ടുതന്നെ വിശ്വാസിയും. വാസ്തവത്തിൽ മാർക്സ് ഇവിടെ ഏറ്റുമുട്ടുന്നത് മതത്തോടല്ല, ഹെഗൽ എന്ന ആശയവാദിയോടാണ് എന്ന് കമ്യൂണിസ്റ്റുകൾ കണ്ടറിയണം. ഏതായാലും ഡയലക്റ്റിക്കൽ മെറ്റീരിയലിസം ഫിസിക്സാണ്. അതിനെ സാമൂഹിക ശാസ്ത്രസിദ്ധാന്തമായി എടുത്തുകാണിക്കുന്നതിലൂടെ കൃത്രിമമായ ഏച്ചുകെട്ടലാണ് മുഴച്ചുകാണാനാവുക. കമ്യൂണിസ്റ്റിനെന്ന പോലെ ക്യാപിറ്റലിസ്റ്റിനും ആ സിദ്ധാന്തം അംഗീകരിക്കാം (ഏതായാലും ഇസ്‌ലാമിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഡയലക്റ്റിക്കൽ മെറ്റീരിയലിസം പ്രശ്നമാകണമെന്നില്ല. അതിനെ സുന്നത്തുല്ലാഹി –ദൈവിക ചര്യ– എന്നതിൽ ഉൾപ്പെടുത്തി കണ്ടാൽ മതി. എന്നാൽ അടിത്തറ–മേൽക്കൂര

**ഇസ്‌ലാം കമ്യൂണിസത്തെ ഉൾക്കൊണ്ടിരിക്കുന്നു എന്നു പറയാം (എന്നാൽ അത് വേറെ ചിലതു കൂടി ഉൾക്കൊണ്ടിരിക്കുന്നു എന്നു കൂടി കാണണം). പക്ഷേ, മാർക്സിസം ഇസ്‌ലാമിനെ ഉൾക്കൊള്ളാൻ മാത്രം വിശാലതയാർജിച്ചിട്ടില്ല. അതിന്റെ മുഖ്യ മായ ഒരംശത്തെ മാത്രം സ്വാംശീകരിച്ച് ചരിത്രപരമായി വെളി പ്പെട്ട ഒരു പ്രതിഭാസമാണ് മാർക്സിസം.**

---

സിദ്ധാന്തം ഇസ്‌ലാം വിശ്വാസിയും അംഗീകരിക്കുകയില്ല). ബൈബിളിൽ നിന്നും മറ്റു സ്രോതസ്സുകളിൽനിന്നും വേണ്ടുവോളമുൾക്കൊണ്ട ഒരു മാനവികവാദി തന്റെ കമ്യൂണിസ്റ്റ് ആശയങ്ങൾക്ക് ഇങ്ങനെ ഒരു ഫിസിക്സിനെ സിദ്ധാന്തപരമായ അടിത്തറയാക്കി വെച്ചതിൽ യുക്തിഭംഗമുണ്ട്. കാരണം അത്തരം ഒരു അടിത്തറയിലല്ല അത് നിലകൊള്ളേണ്ടത്.

ഇനിയൊരു പ്രശ്നം പരലോക വിശ്വാസം (Escatology)ആണ്. പരലോകം മതങ്ങളുടെ (വിശിഷ്യാ അബ്രഹാമിക മതങ്ങളുടെ) പദാവലിയിലെ 'ക്ലീഷെ' ആയി മാറിയ പ്രയോഗമാണ്. അതുകൊണ്ടുതന്നെ ഒരു മാർക്സിസ്റ്റിന് അതിനോട് പുഛവുമായിരിക്കും. എന്നാൽ ഈ പ്രശ്നത്തെ മറ്റൊരുവിധം സമീപിച്ചാൽ യുക്തിഭദ്രമാകും. വിധിനാളിൽ വിശ്വസിക്കുന്ന മുസ്‌ലിം തന്റെ ചെയ്തികൾക്ക് കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന ഉറച്ച ബോധ്യത്താൽ തന്റെ ചലനങ്ങളെയാകെയും നിയന്ത്രിക്കാൻ ബാധ്യസ്ഥനാണ്. അന്യായം ചെയ്യുന്നവന്റെ ഭാഗത്തുനിന്നല്ല, അന്യായത്തിന് വിധേയനാകുന്നവന്റെ ഭാഗത്തുനിന്നുമുള്ള ഒരു ചിന്തക്ക്/ തേട്ടത്തിന് ഇവിടെ പ്രസക്തിയുണ്ട്. ആ ചിന്തയും തേട്ടവും മനുഷ്യ മനസ്സാക്ഷിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നീതിബോധം ചെന്നു തട്ടുന്ന ഒരാത്യന്തിക കേന്ദ്രമാണത്. നീതി നിഷേധിക്കപ്പെടുമ്പോഴും അന്യായമായി അടിച്ചമർത്തപ്പെടുമ്പോഴും മനുഷ്യൻ മിഴിയുയർത്തി കൈ നീട്ടുന്നൊരഭയകേന്ദ്രം. പരമമായ നീതിപീഠമാണത്. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ എന്ന ഒരു ഗണത്തെ ക്രിസ്തു എടുത്തുകാട്ടുന്നു. അവർക്കത് ലഭ്യമാകുന്ന ഒരു ലോകത്തെയും പരിചയപ്പെടുത്തുന്നു. മനുഷ്യ മനസ്സാക്ഷിയുമായി ഇത്രമേൽ ബന്ധപ്പെട്ടിരിക്കുന്ന ഒരാശയത്തെ മിഥ്യയായി കണ്ട് തള്ളിക്കളയാൻ നീതിബോധവും കാരുണ്യവുമുള്ള ആർക്കും സാധിക്കില്ല. അഥവാ വല്ലവരും അതിനെ തള്ളിക്കളഞ്ഞിട്ടുണ്ടെങ്കിൽ അത് ലോകത്തിന്റെ ഉടമസ്ഥത സ്വയം അവകാശപ്പെട്ട മേലാള വർഗത്തിൽപെട്ടവർ മാത്രമായിരിക്കും. 'അണുത്തൂക്കം നന്മ ചെയ്താലതും തിന്മ ചെയ്താലതും' അനുഭവിച്ചറിയാൻ സാധിക്കുന്ന ഒരു സന്ദർഭമുണ്ടായേ മതിയാകൂ. മനുഷ്യ സഹജമായ നീതിബോധം അത് ആവശ്യപ്പെടുന്നു. ഭൂമിയിൽ അത് ഇല്ല. അത് ഉള്ള ഒരിടത്തേക്ക് മനുഷ്യൻ തിരിച്ചു വിളിക്കപ്പെടും.

സത്യത്തിൽ ഈ പ്രശ്നത്തിൽ ആശയകാലുഷ്യത്തിലായിരുന്നു മാർക്സ് എന്നാണ് കാണാൻ കഴിയുക. താൻ പ്രഘോഷിക്കുന്ന ഡയലക്റ്റിക്കൽ മെറ്റീരിയലിസം തന്നെയും ഒരർഥത്തിൽ നീതി എന്ന മൂല്യത്തെ ഉൾക്കൊള്ളുന്നു എന്നദ്ദേഹം തിരിച്ചറിഞ്ഞു കാണും; To every action there is an equal and opposite reaction എന്ന തത്ത്വം, ക്ഷണികമായൊരു കാലയളവിനുള്ളിൽ ചിലർക്ക് മാത്രം അനുഭവവേദ്യമാകുന്ന വിധമുള്ളതായി കൂടാ എന്ന്. ഓരോ മനുഷ്യാത്മാവും അത് വ്യക്ത

മായി കണ്ടറിയുകതന്നെ ചെയ്യും എന്ന നിലക്കാണ് മനുഷ്യ പ്രജ്ഞ അത് മനസ്സിലാക്കുന്നത്. ഈ വസ്തുത നിഷേധിക്കാനാവാത്തത് മൂലമാണ് മാർക്സ് തന്നെയും മതത്തിന് നിലനിൽക്കാനുള്ള അവകാശത്തിന്റെ സമ്മതപത്രം നൽകിയത്. ആത്മാവില്ലാത്ത ലോകത്തിന്റെ ആത്മാവായും ആശയറ്റവന്റെ അവസാനത്തെ ആശ്രയമായും അദ്ദേഹം മതത്തെ കാണുകയുണ്ടായല്ലോ. മതത്തിന് ഒരു substitute തന്റെ കൈയിലില്ല എന്ന് സമ്മതിക്കലാണിത് വെളിപ്പെടുത്തുന്നത്.

ഇനി കമ്യൂണിസം എന്ന പദപ്രയോഗത്തെ തന്നെയെടുത്ത് ചിന്തിക്കാം. Commune എന്ന വാക്കിൽനിന്നാണതിന്റെ പ്രാദുർഭാവം. Commune എന്നതിന് ശബ്ദകോശങ്ങളിലും വിജ്ഞാനകോശങ്ങളിലും കൊടുത്തിരിക്കുന്ന നിർവചനങ്ങൾ ശ്രദ്ധിക്കുക: "A group of people sharing living accommodations, goods etc" എന്ന് Illustrated Oxford Dictionaryയിൽ കാണാം. Britanica Ready Reference Encyclopedia നൽകുന്ന നിർവചനം ഇങ്ങനെ: "Group of people living together according to a set of principles usually arrived or endorsed by the group." കൂടാതെ ഇങ്ങനെ കൂടി പറയുന്നു: "Many such communities are inspired by relegious principles."

ഒരു തത്വത്തെ അടിസ്ഥാനമാക്കി കൂട്ടായി ജീവിക്കുന്ന ആൾക്കൂട്ടത്തെയാണ് കമ്യൂൺ എന്നു പറയുക. ഏതെങ്കിലും ആത്മീയ (മത) തത്വങ്ങൾക്കനുസരിച്ച്, അവയാൽ പ്രചോദിതരായി കൂട്ടു ജീവിതം നയിക്കുന്ന സംഘങ്ങൾ കമ്യൂണുകളാണ്. ജീവിത സൗകര്യങ്ങളും വിഭവങ്ങളും പങ്കുവെച്ച് കൂട്ടായ്മയിൽ ജീവിതം പടുത്തുയർത്തുന്ന സ്ഥാപനമാണ് കമ്യൂൺ. ചില സൂഫീ ത്വരീഖത്തുകളും ക്രൈസ്തവ മഠങ്ങളും ഈ ഗണത്തിൽ പെടും. പാരീസ് കമ്യൂണുകൾ ഏറെ പ്രസിദ്ധമാണ്. മധ്യ ഇറ്റലിയിലും വടക്കൻ ഇറ്റലിയിലും ഇത്തരം കമ്യൂണുകളുണ്ടായിരുന്നു. Utopian Socialism-ന്റെ വക്താവായ Robert Dale Owen തുടങ്ങിയവർ പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബ്രിട്ടനിലും പരീക്ഷണാർഥംകമ്യൂൺ സ്ഥാപിക്കുകയുണ്ടായി. മുഹമ്മദ് നബി മദീനയിൽ സ്ഥാപിച്ചത് കമ്യൂൺ എന്നതിന്റെ കുറ്റമറ്റ മാതൃകയാണ്.

ഇനി ഖുർആനിലെ സവിശേഷ ശ്രദ്ധയാകർഷിക്കേണ്ട ഒരു പദപ്രയോഗത്തെ എടുത്തു പരിശോധിക്കാം. 'ഉമ്മത്ത്' എന്ന ശബ്ദം. അതിന് അനുയോജ്യമായ ഒരു മൊഴിമാറ്റത്തിനായി ഗഹനമായി ചിന്തിച്ചപ്പോൾ കണ്ടെത്താനായത് മേലെ കൊടുത്ത 'കമ്യൂൺ' എന്ന പദം മാത്രമാണ്. സൊസൈറ്റി, കമ്യൂണിറ്റി, നേഷൻ തുടങ്ങിയ പദങ്ങൾക്കൊന്നും 'ഉമ്മത്ത്' എന്ന അറബി ശബ്ദത്തെ ദ്യോതിപ്പിക്കാൻ കെൽപില്ല. കമ്യൂൺ എന്ന ഇംഗ്ലീഷ് പദം ക്രിയാരൂപത്തിലുപയോഗിക്കുമ്പോൾ വളരെയേറെ ആത്മീയ പ്രാധാന്യമുള്ള ആശയത്തെ അത് ദ്യോതിപ്പിക്കുന്നതായും കാണാം. മനുഷ്യൻ ആത്മനിഷ്ഠമായ വിധത്തിൽ പരംപൊരുളുമായി നടത്തുന്ന സമർപ്പണമുൾക്കൊള്ളുന്ന പ്രാർഥന എന്ന ആശയം 'കമ്യൂൺ' എന്ന ക്രിയാ ധാതു ഉൾക്കൊള്ളുന്നുണ്ട്. പ്രവാചക കുലപതിയായ ഇബ്റാഹീമിന്(അ) ഖുർആൻ നൽകിയ ഒരു വിശേഷണം കൂടിയാണ് 'ഉമ്മത്ത്' എന്നത്. വ്യഷ്ടിയിൽനിന്ന് സമഷ്ടിയിലേക്ക് വികാസം പ്രാപിച്ച ഒരു വ്യക്തിത്വത്തെയാണവിടെ സൂചിപ്പിക്കുന്നത്. ആ ഇബ്റാഹീമിനെ തന്നെയാണ് ജനതയുടെ നേതാവ്/ പ്രമാണം എന്ന അർഥത്തിൽ 'ഇമാമുൻ ലിന്നാസ്' ആയും ഖുർആൻ അവതരിപ്പിക്കുന്നത്. അദ്ദേഹം തന്റെ സീമന്ത കുമാരനായ ഇസ്മാഈലുമൊത്ത് ഏകദൈവ സമർപ്പണത്തിനായി പടുത്ത കഅ്ബാ എന്ന ചതുരത്തെ ജനതക്കായി സ്ഥാപിക്കപ്പെട്ട പ്രഥമ ഭവനം എന്നും ഖുർആൻ

**ഈസാ നബിയുടെ രണ്ടാം വരവോടെ സംജാതമാകാനിരിക്കുന്ന സാമൂഹികാവസ്ഥയെ എല്ലാവരും പരമാർഥികമായ സത്യത്തിന് മാത്രം അടിപ്പെട്ടിരിക്കുന്ന സഹോദരന്മാരും സഹോദരിമാരുമായിരിക്കുന്ന കുറ്റമറ്റ സാമൂഹിക ക്രമമായിട്ടാണ് പ്രവാചകൻ വരച്ചുകാണിക്കുന്നത്. സംശുദ്ധമായ കമ്യൂണിസ്റ്റ് സമൂഹത്തിന്റെ/ വർഗരഹിത സമഷ്ടിയുടെ ചിത്രം. ആദ്യം ഈസായുടെ പുനരാഗമനത്തിന് അരങ്ങൊരുങ്ങണം.**

പരിചയപ്പെടുത്തുന്നു. ഉമ്മത്ത് എന്നത് ജനത (അന്നാസ്) എന്നതുമായി അഭേദ്യമാം വിധം ബന്ധപ്പെടുത്തി പരിചയപ്പെടുത്തപ്പെട്ട ചരിത്രത്തിലെ രണ്ടു വചന വാഹകരാണ് പ്രവാചക കുലപതി ഇബ്റാഹീമും അദ്ദേഹത്തിന്റെ സന്തതിപരമ്പരയിൽ അന്ത്യപ്രവാചകനായി വന്ന മുഹമ്മദും(സ). ഇരുവരും ചരിത്രപരമായ ആവശ്യ നിർവഹണത്തിനെന്നോണം സ്ഥാപിക്കാൻ യജ്ഞിച്ച മാതൃകാ സമഷ്ടിയാണ്– സാമൂഹിക രൂപമാണ്– ഉമ്മത്ത് എന്നത്. 'കമ്യൂൺ' എന്ന് കൃത്യമായും മൊഴിമാറ്റാവുന്ന ആശയ സമഗ്രത ഉൾക്കൊണ്ട പദപ്രയോഗമാണത്.

ചുരുക്കിപ്പറഞ്ഞാൽ, കമ്യൂണിസം അതിന്റെ നൈതികമായ അർഥത്തിൽ ഇസ്‌ലാമിന്റെ ഒരംശമാണ്. പ്രത്യേകിച്ചും ചരിത്രപരമായി പുറത്തേക്ക് പ്രകടമാകുന്ന വശം! ഇസ്‌ലാം കമ്യൂണിസത്തെ ഉൾക്കൊണ്ടിരിക്കുന്നു എന്നു പറയാം (എന്നാൽ അത് വേറെ ചിലതു കൂടി ഉൾക്കൊണ്ടിരിക്കുന്നു എന്നു കൂടി കാണണം). പക്ഷേ, മാർക്സിസം ഇസ്‌ലാമിനെ ഉൾക്കൊള്ളാൻ മാത്രം വിശാലതയാർജിച്ചിട്ടില്ല. അതിന്റെ മുഖ്യമായ ഒരംശത്തെ മാത്രം സ്വാംശീകരിച്ച് ചരിത്രപരമായി വെളിപ്പെട്ട ഒരു പ്രതിഭാസമാണ് മാർക്സിസം. സത്യത്തിൽ അത് അടിച്ചമർത്തപ്പെടുന്ന വർഗത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിലും പരിമിതമായ വിധത്തിലുമുള്ള പ്രതികരണം മാത്രമായിരുന്നു എന്ന് പറയുന്നതാവും ശരി. ആത്മീയതക്ക് പ്രാധാന്യം നൽകപ്പെടാത്ത വിധമുള്ള ഒരു പ്രഘോഷമായിരുന്നു മാർക്സിസം. അധികാരശക്തിയോടും ചൂഷണത്തിലധിഷ്ഠിതമായ മതമേധാവിത്വത്തോടുമുള്ള വിസമ്മതം അത് കൊട്ടിഘോഷിച്ചു. എന്നാൽ യേശുവിലും മുഹമ്മദ് നബിയിലും നിറഞ്ഞുനിന്ന് ജ്വലിച്ച 'വചന'ത്തിന്റെ വെളിച്ചം ആ പ്രതികരണത്തിന്റെ പ്രതികാരാത്മകമായ രോഷാഗ്നിയിൽ അതിനേറ്റുവാങ്ങാനായില്ല. വെളിച്ചം കെട്ടുപോയ കരിന്തിരി പോലെ അത് കത്തി പുകയുതിർക്കുക മാത്രമാണുണ്ടായത്. അതുകൊണ്ടുതന്നെ കമ്യൂണിസത്തെ പ്രയോഗവത്കരിക്കപ്പെടാനാവാത്ത ഒരു 'ഉട്ടോപ്യ' മാത്രമായി കണ്ട് പലരും ഉപേക്ഷിക്കുക പോലും ചെയ്തു. മാർക്സിസം ഉയർത്തിക്കാട്ടുന്നത് സത്യത്തിൽ കമ്യൂണിസത്തെയല്ല എന്നതും ശ്രദ്ധിക്കപ്പെടാതെ പോകരുത്. കമ്യൂണിസത്തിലേക്കുള്ള വഴിയായ/ ഉപാധിയായ ശാസ്ത്രീയ സോഷ്യലിസ (Scientific Socialism)ത്തിനാണ് അത് ഊന്നൽ നൽകിയത്. കൂടാതെ മർദിത വർഗത്തെ അവർ 'പ്രോലിറ്റേറിയൻ' എന്ന അധ്വാന വർഗത്തിൽ പരിമിതപ്പെടുത്തിക്കളയുകയും ചെയ്തു. ഇസ്‌ലാമാകാട്ടെ, പ്രോലിറ്റേറിയൻ എന്നതിനു പകരം Egalitarianism (സമത്വ ദർശനം) ആണ് ഉയർത്തിക്കാട്ടുന്നത്. അതിനാൽ ടോട്ടലിറ്റേറിയൻ ഡിക്റ്റേറ്റർഷിപ്പ് എന്ന പതനത്തിലേക്ക് അത് അധഃപതിക്കുകയില്ല.

കമ്യൂണിസ്റ്റ് ലോകം ഇസ്‌ലാമിനെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ് എന്ന് മുഖക്കുറിപ്പിൽ എടുത്തു പറഞ്ഞത് ശ്രദ്ധേയമാണ്.

പക്ഷേ, ഈ മനസ്സിലാക്കൽ എങ്ങനെ സാധിക്കും എന്നതാണ് കുഴക്കുന്ന പ്രശ്നം. കർശനമായ മതവിലക്കുകൾക്കും മതശാസനകൾക്കും ആത്മീയതയുടെയും പരമാർഥ ജ്ഞാനത്തിന്റെയും (മിസ്റ്റിസിസം) നിരാസത്തിനും ഊന്നൽ നൽകുന്ന, ഫ്യൂഡൽ മൂല്യങ്ങളെ എതിർക്കാത്ത, പ്ലൂരലിസത്തെയും ലിംഗനീതിയെയും ഉൾക്കൊള്ളാനാവാത്ത, താലിബാൻ വഹ്ഹാബി ഫണ്ടമെന്റലിസത്തിൽനിന്ന് അത് മനസ്സിലാക്കിയെടുക്കാൻ സാധിക്കുമോ? ഏകാധിപത്യത്തെ വെല്ലുന്ന രാജകീയ ഭരണവ്യവസ്ഥകളിൽനിന്ന് ഇസ്‌ലാമിനെ ഗ്രഹിച്ചറിയാൻ പറ്റുന്ന വല്ലതും കിട്ടുമോ? പോയകാലത്തിന്റെ തടവറകളിൽ കുടുങ്ങിക്കിടക്കുന്ന കർമശാസ്ത്ര ഗ്രന്ഥശേഖരങ്ങളിൽനിന്നു കിട്ടുമോ?

എന്നാൽ തീർച്ചയായും വിശുദ്ധ ഖുർആൻ വേണ്ടവിധം വായിച്ചെടുക്കാൻ സാധിക്കുന്നവർക്ക് ഖുർആനിൽനിന്ന് അത് കിട്ടും. വിമോചകനായ വചനവാഹകന്റെ ചര്യയിൽനിന്നും നിർദേശങ്ങളിൽനിന്നും അത് ലഭിക്കും. പക്ഷേ, അവിടെയൊക്കെ വായന എവ്വിധമായിരിക്കണം എന്നതിന് പ്രാധാന്യമേറെയുണ്ട്. മസീഹിന്റെ രണ്ടാം വരവിനെക്കുറിച്ച് പറയുന്നത് വായിച്ച്, ഈസാ നബി ബൈത്തുൽ മഖ്ദിസിലെ വെൺ മിനാരത്തിനരികെ മാലാഖമാരുടെ അകമ്പടിയോടെ മഞ്ഞച്ചേല ധരിച്ച് ഇറങ്ങിവരുന്നത് നമുക്ക് ദൃശ്യമാധ്യമങ്ങളിലൂടെ ദർശിക്കാനാകുമോ എന്ന മട്ടിലേക്ക് ചിന്ത പോകുന്ന ഒരു വായന ഇപ്പറഞ്ഞതിനൊന്നും സഹായകമാവില്ല. എന്നാൽ 'താൻ ഈ ഉമ്മത്തിന്റെ പ്രാരംഭവും മർയമിന്റെ മകൻ ഈസ അതിന്റെ സമ്പൂർത്തീകരണത്തെ കുറിക്കുന്ന സമാപനവുമായിരിക്കും' എന്ന് മുഹമ്മദ് നബി പറഞ്ഞതിന്റെ ആശയവ്യാപ്തിയിലേക്കാണ് ശ്രദ്ധ തിരിയേണ്ടത്. മാനുഷിക സാഹചര്യത്തിൽനിന്ന്, അധികാര വാഴ്ചയുടെ മർദനത്തെയും കുരിശിനെയും അതിജീവിച്ച് പരമമായ നീതി സ്രോതസ്സിലേക്ക് തിരിച്ചു വിളിക്കപ്പെട്ട ഒരുവൻ ഈ ഭൂമിയിലേക്ക് മേലെ നിന്നും ഇറങ്ങിവന്ന് സിംഹാസനസ്ഥനാവുക എന്നതിലടങ്ങിയ സന്ദേശമാണ് വായിച്ചെടുക്കേണ്ടത്. ഈസാ നബിയുടെ രണ്ടാം വരവോടെ സംജാതമാകാനിരിക്കുന്ന സാമൂഹികാവസ്ഥയെ എല്ലാവരും പരമാർഥികമായ സത്യത്തിന് മാത്രം അടിപ്പെട്ടിരിക്കുന്ന സഹോദരന്മാരും സഹോദരിമാരുമായിരിക്കുന്ന കുറ്റമറ്റ സാമൂഹിക ക്രമമായിട്ടാണ് പ്രവാചകൻ വരച്ചുകാണിക്കുന്നത്. സംശുദ്ധമായ കമ്യൂണിസ്റ്റ് സമൂഹത്തിന്റെ/ വർഗരഹിത സമഷ്ടിയുടെ ചിത്രം. ആദ്യം ഈസായുടെ പുനരാഗമനത്തിന് അരങ്ങൊരുങ്ങണം. അതിൽ പിന്നെ മാത്രമേ ആ അതിഥിക്ക് പറ്റുന്ന ദൈവരാജ്യമായി ഭൂമി മാറുകയുള്ളൂ. ആ നിലക്ക് തന്നെയാണ് താൻ ഈ കമ്യൂണിന്റെ (ഉമ്മത്ത്) തുടക്കവും ഈസാ അതിന്റെ ഒടുക്കവുമായിരിക്കുമെന്ന് റസൂൽ പറഞ്ഞത്. തുടക്കക്കാരനായി സ്വയം പരിചയപ്പെടുത്തുന്ന പ്രവാചകൻ അത്തരം ഒരു വർഗരഹിത കൂട്ടായ്മയുടെ സ്വരൂപണം മദീനാ എന്ന കൊച്ചു നഗരിയിൽ സ്ഥാപിച്ചു കാണിച്ചു കൊടുക്കുക മാത്രമല്ല ചെയ്തത്, 'ഉമ്മത്ത്' എന്നു വിശേഷിപ്പിക്കപ്പെട്ട ഇബ്റാഹീമിന്റെ വിളിക്ക് പ്രത്യുത്തരമായി മക്കയിലെ അറഫാ മരുഭൂമിയിൽ സ്വരൂപിതമായ വർഗ വർണ ഭേദങ്ങളില്ലാത്ത മനുഷ്യ മഹാ സംഗമത്തിൽ വെച്ച് തന്റെ ചരിത്രപരമായ ദൗത്യം പൂർത്തീകരിക്കുകയും ചെയ്തുകൊണ്ടാണ് ആ പ്രവാചകൻ ഇഹലോക വാസമവസാനിപ്പിച്ചത്. ചരിത്രത്തിൽ ഇദംപ്രഥമമായ മനുഷ്യാവകാശ പ്രഖ്യാപനം എന്നതായിരുന്നു മുഹമ്മദ്(സ) അവിടെ നടത്തിയ മഹാത്ഭുതം! അതാണ് 'തുടക്കം'. ഇനി ഈസാ(അ)യിലൂടെയുള്ള സമ്പൂർത്തീകരണത്തെയും ഇതേ അഭിവീക്ഷണത്തിലൂടെയാണ് നാം പരിഗണിക്കേണ്ടതും പ്രതീക്ഷിക്കേണ്ടതും.

ഉമ്മത്ത് എന്ന് ഖുർആൻ വിശേഷിപ്പിച്ച ഇബ്റാഹീമീ വ്യക്തിത്വം ഉൾക്കൊള്ളുന്ന രണ്ട് മാനങ്ങളുടെയും അവയെ പ്രതീകവത്കരിക്കുന്ന രണ്ട് താവഴികളുടെയും അധ്യാത്മികവും ചരിത്രദർശനപരവുമായ പ്രതീകാത്മക പ്രാധാന്യം മനസ്സിലാക്കുക ഈ വായനയിൽ പ്രധാനമാണ്. അപ്പോൾ മാത്രമേ 'കമ്യൂണിസം–ഇസ്‌ലാം സംവാദത്തിന്റെ പ്രസക്തി' എന്ന മുഖക്കുറിപ്പിലെ പ്രമേയത്തിന് തെളിച്ചം കിട്ടുകയുള്ളൂ. അക്ഷരങ്ങൾക്കപ്പുറത്തേക്ക് നീളുന്ന ഒരു അന്വേഷണ ദൃഷ്ടി ഇവിടെ ആവശ്യമായിത്തീരും. അതിനാവശ്യമായ ജ്ഞാന വെളിച്ചം പഠിതാവിന്റെ ഉള്ളിൽ തെളിയുകയും വേണം. തീർച്ചയായും അങ്ങനെയുള്ള മഹാ ജ്ഞാനികളുണ്ടായിരുന്നു മുമ്പ്. മാർക്സ് ജനിക്കുന്നതിന് ഒരു നൂറ്റാണ്ട് മുമ്പ് ജീവിച്ച ഇന്ത്യക്കാരനായ ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവി ഉദാഹരണം. സൂഫി ആധ്യാത്മ ദർശനത്തിലും ഇസ്‌ലാമിക ശരീഅത്തിലും സാമൂഹിക ശാസ്ത്രത്തിലും ചരിത്ര ദർശനത്തിലും അവഗാഹമുണ്ടായിരുന്ന മഹാ പണ്ഡിതനായിരുന്നു അദ്ദേഹം. മാർക്സ് തന്റെ ചരിത്രപരമായ ഭൗതിക വ്യാഖ്യാന പ്രകാരമുള്ള സമൂഹ വളർച്ചയെ–പ്രാകൃത കമ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, കാപ്പിറ്റലിസം – അപഗ്രഥിച്ചെടുക്കുന്നതിന് മുമ്പ് സമാനമായ കണ്ടെത്തലുകൾ വേറൊരു നിലയിൽ ശാഹ് വലിയ്യുല്ലാഹ് നടത്തുകയുണ്ടായി. നാല് ഇർതിഫാഖുകളായുള്ള സാമൂഹിക വളർച്ചയുടെ പ്രാരംഭം പ്രാകൃത കമ്യൂണിസത്തോട് സദൃശമായതും, നാലാം ഇർതിഫാഖ് സാർവദേശീയവും പ്രാപഞ്ചികവുമായ ഭ്രാതൃത്വ സമൂഹത്തെക്കുറിച്ച് സൂചന നൽകുന്നതുമാണ്. Universal Political Order എന്നാണ് പ്രസിദ്ധ ഇസ്‌ലാം ചിന്തകനായ ഫസ്‌ലുർറഹ്മാൻ (1919–1988) അതിനെ തന്റെ Revival and Reforms in Islam എന്ന കൃതിയിൽ (പേജ് 191) പരിചയപ്പെടുത്തിയിരിക്കുന്നത്. 'ഇസ്‌ലാമിന്റെ വക്താക്കളും കമ്യൂണിസത്തിന്റെ വക്താക്കളും രണ്ട് ജീവിത വീക്ഷണങ്ങളെയും സത്യസന്ധമായും നിഷ്പക്ഷമായും വിലയിരുത്താൻ തയാറാകണം' എന്ന നിർദേശം സ്വാഗതം ചെയ്യപ്പെടേണ്ടതുതന്നെ. സമ്പത്തിന്റെ തുല്യ വിതരണം എന്നതിലെ അപ്രായോഗികത മാർക്സിസ്റ്റ് ഭരണകൂടങ്ങൾ തന്നെയും തിരിച്ചറിഞ്ഞു കഴിഞ്ഞ സ്ഥിതിക്ക് സംവാദം സുഗമമാകും. കാരണം മാർക്സ് അവതരിപ്പിക്കുന്ന മിച്ചമൂല്യ സിദ്ധാന്തം ഉൾക്കൊള്ളുന്ന ആശയത്തോട് നീതി പുലർത്താൻ അതിലൂടെ സാധ്യമല്ല. പക്ഷേ, 'From each according to his capacity and to each according to his need' (എല്ലാവരിൽനിന്നും അവരവരുടെ കഴിവനുസരിച്ച്, എല്ലാവർക്കും അവരവരുടെ ആവശ്യത്തിന് വേണ്ടത്) എന്നതായിരിക്കണം വിതരണത്തിന്റെ രീതി എന്നാണ് പ്രവാചകന്മാരായ യേശുവും മുഹമ്മദും പഠിപ്പിച്ച പാഠം. മദീനാ കമ്യൂണിൽ പാലിക്കപ്പെട്ട ഒരു തത്ത്വവും അതായിരുന്നുവെന്ന് കാണാം. കാരണം ആഡംബരത്തിൽ പെടുത്താവുന്ന മന്ദിരങ്ങളുടെ നിർമാണം പോലും പ്രവാചകൻ അംഗീകരിച്ചിരുന്നില്ല. ചെലവഴിക്കേണ്ടത് എന്ത് എന്ന ചോദ്യത്തിന് 'ആവശ്യം കഴിച്ച് മിച്ചമുള്ളത്' എന്നാണ് ഖുർആന്റെ മറുപടി. ■